"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ -ബോട്ടണി വിഭാഗം പൊതു സ്ഥലം മാറ്റം **2023-2024** ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ എ**1/19589/2023**/കോ വി വ തീയതി: **06/07/2023**

പരാമർശം:**1.**ഈ ഓഫീസിലെ **02.03.2023** തീയതിയിലെ എ**1/7936/2023**/കോവിവ നമ്പർ സർക്കുലർ
**2.17.06.2023** തീയതിയിലെ എ**1/19589/2023**/കോവിവ നമ്പർ നടപടിക്രമം

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ **2023-2024** ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം **2** പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു.ആയതനുസരിച്ച് ലഭിച്ച പരാതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ബോട്ടണി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ബിനോയ് തോമസ് എം.പി<br>ഗവണ്മെന്റ് വിക്ടോറിയ കോളേജ് പാലക്കാട്<br>(ഓപ് ഷൻ)<br>**PEN:656185** | കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് പുല്ലൂറ്റ്<br>( ഡോ.നെസി<br>കെ.എ വിരമിച്ച ഒഴിവിൽ) |
| 2 | ഡോ.സോജൻ ജോസ്<br>ഗവണ്മെന്റ് കോളേജ് ചിറ്റൂർ<br>(ഓപ് ഷൻ)<br>**PEN:659284** | ഗവണ്മെന്റ് വിക്ടോറിയ കോളേജ് പാലക്കാട്<br>(ശ്രീ.ബിനോയ് തോമസ് എം.പിയ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 3 | ശ്രീമതി.പ്രിയാഞ്ജന പ്രഭാകർ<br>ഗവ കോളേജ് കാസറഗോഡ്<br>(ഓപ് ഷൻ)<br>**PEN:895739** | യൂണിവേഴ്സിറ്റി കോളേജ്<br>തിരുവനന്തപുരം<br>(നിലവിലുള്ള ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം

മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
സുധീർ കെ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്